4. സാമൂഹിക സുരക്ഷാ സെസ് ഇനത്തിൽ ഇക ഈടാക്കുക വഴി എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്.

5. 31-3-2014-വരെ കോർപ്പറേഷന് സർക്കാർ അനുവദിച്ച് നൽകിയ വായ്പ ഇക സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുക വഴി കോർപ്പറേഷന്റെ വാർഷിക വരവ് ചെലവ് കണക്കിലെ നഷ്ടം ഗണ്യമായി കുറയ്ക്കാൻ കഴിയും. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

6. നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭത്തിലാക്കുക വഴി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്.

7. ബസ്-ജീവനക്കാർ അനുപാതം ദേശീയ ശരാശരിയ്ക്ക് ഒപ്പമാക്കുക, ആയതിലൂടെ ചെലവ് ചുരുക്കാൻ കഴിയും.

8. കൊറിയർ, പബ്ലിക്ക് ഇൻഫർമേഷൻ സിസ്റ്റം, ബാങ്ക് എ.റ്റി.എം, ഇന്ത്യൻ കോഫി ഹൗസ് എന്നിവയിലൂടെ ടിക്കറ്റ് ഇതര റവന്യൂ വരുമാനം വർദ്ധിക്കുന്നതാണ്.

9. ആധുനിക ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതുവഴി റവന്യൂ ഇതര വരുമാനം വർദ്ധിക്കുന്നതാണ്.

10. മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരാനായി മിഡിൽ ലെവൽ മാനേജ്മെന്റിലേയ്ക്ക് 40% പേരെ നേരിട്ട് റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ കേരള പി.എസ്.സി മുഖേന സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

5 (*5) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. പി. സി. ജോർജ് :

ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ്, വിശദാംശങ്ങൾ നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ടെൻഡർ സമർപ്പിക്കാൻ യോഗ്യത നേടിയ കമ്പനികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി പൊതുമേഖലയിൽ ആരംഭിക്കുന്നതിനുള്ള സാധ്യത എത്രത്തോളമുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു):

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമായി വിലയിരുത്തിയിട്ടുള്ളത് താഴെ പറയുന്ന ഘടകങ്ങളാണ്:

1. സംസ്ഥാനത്ത് നിന്നുള്ള കാർഗോയിലുള്ള കുറവ് കാരണം ട്രാൻസ്ഷിപ്പ്മെന്റ് ബിസിനസ് മാത്രമായി ചുരുങ്ങുന്ന സാഹചര്യം.
2. ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖത്തിന് ആവശ്യം വേണ്ട കപ്പോട്ടാഷ് നിയമത്തിന്റെ ഇളവ് കേന്ദ്ര സർക്കാർ അനുവദിക്കാത്ത സാഹചര്യം.
3. പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതിയ്ക്ക് എതിരെയും 2011-ലെ CRZ നിയമത്തേയും ചോദ്യം ചെയ്തുകൊണ്ടും ഹരിത ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസുകൾ
4. ആഗോള സാമ്പത്തിക മാന്ദ്യവും തുടർന്നുള്ള കണ്ടെയ്നർ ചരക്കു ഗതാഗതത്തിലെ കുറവും

(ബി) 2013 ഡിസംബർ മാസം 4-ാം തീയതി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി പദ്ധതി നടത്തിപ്പിനായി പുറപ്പെടുവിച്ചിട്ടുള്ള റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ ടെണ്ടറിൽ താഴെ പറയുന്ന അഞ്ചു കമ്പനികൾ യോഗ്യത നേടിയിട്ടുണ്ട്:

1. Gammon Infrastructure Projects Limited.
2. Consortium of Concast Infratech Ltd&Hyundai Engineering & Construction co.Ltd.
3. Essar Ports Ltd.
4. SREI-OHL Consortium
5. Adani Ports & Special Economic Zone Ltd.

ഇതിൽ (1) Essar Ports Ltd, 2) SREI-OHL Consortium 3) Adani Ports & Special Economic Zone Ltd. എന്നീ മൂന്ന് കമ്പനികൾ അടുത്ത ഘട്ടത്തിനായുള്ള (Financial Bid) റിക്വസ്റ്റ് ഫോർ പ്രൊപ്പോസർ (RFP) വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പഠനം നടത്തുകയും 2010 സെപ്റ്റംബറിൽ സ്ട്രാറ്റജിക് ഓപ്ഷൻസ് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് കടുത്ത മത്സരം നേരിടുന്ന ഒരു മേഖലയാണ്. പുതുതായി ഒരു ഗ്രീൻഫീൽഡ് തുറമുഖം പൂർണ്ണമായും പൊതുമേഖലയിൽ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നത് ആശാസ്യമല്ല. ഗ്രീൻഫീൽഡ് പോർട്ടിന്റെ പ്രാഥമിക ഘട്ട മുതൽമുടക്ക് കൂടുതലായതിനാലും ചരക്കു കൈകാര്യം ചെയ്യുന്നത് കുറവായതിനാലും ഈ തുറമുഖം സ്വകാര്യ മേഖലയിൽ നിർമ്മിക്കുന്നതും ലാഭകരമല്ല. എന്നാൽ ട്രാൻസ്ഷിപ്മെന്റ് ബിസിനസ് വിജയകരമായി നടത്തുന്നതിന് പ്രാഥമിക ഘട്ടം മുതൽക്കുതന്നെ പരിചയ സമ്പന്നതയുള്ള ഒരു ഓപ്പറേറ്റർ കൂടിയേ തീരൂ. ഇക്കാരണത്താൽ പദ്ധതി ചെലവിന്റെ ഒരു ഭാഗം പൊതുമേഖലയും ശേഷിക്കുന്ന ഭാഗം സ്വകാര്യ മേഖലയും ചേർന്ന് Public Private Partnership (PPP) ഘടകമുൾപ്പെടുന്ന ലാന്റ് ലോർഡ് മോഡലിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ ശിപാർശ ചെയ്തത്. സംസ്ഥാന സർക്കാർ ഈ ശിപാർശ 2010-ൽ തന്നെ അംഗീകരിച്ചിട്ടുണ്ട്.

ജനമൈത്രി പോലീസ് പദ്ധതി

6 (*6) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി സംബന്ധിച്ച പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് മുതലപ്പൊഴിയിട്ടുള്ളത് ആരെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടി എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

992/2018

LIBRARY ARCHIVES Kerala Legislative Assembly